ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വൈദ്യുതി ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ശുദ്ധജല വിതരണത്തിനായി സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന പമ്പുസെറ്റുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം ഇതുവരെ 17 പമ്പു സെറ്റുകൾ സ്ഥാപിക്കുകയാണ്ടായി. കൂടുതൽ സ്ഥലങ്ങളിൽ ഈ സംവിധാനം ഉപയോഗിച്ച് ശുദ്ധജല വിതരണം സുഗമമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് വൻ തുക ചെലവാക്കേണ്ടി വരും. സാമ്പത്തിക ഭാരം ഏറെയുള്ള ഇത്തരം പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റി "റയിൻ വാട്ടർ ഹോർ വെസ്റ്റിംഗ്" പദ്ധതികൾ നടപ്പാക്കിയിട്ടില്ല. എന്നാൽ ജലസ്രോതസ്സുകളുടെ അപര്യാപ്തതയും കുടിവെള്ളത്തിന്റെ ദൗർലഭ്യവും കണക്കിലെടുത്ത് ജനപങ്കാളിത്തത്തോടെയുള്ള ഇത്തരം പദ്ധതികൾ നടപ്പാക്കാനുള്ള സാദ്ധ്യതകൾ ഏറി വരുന്നുണ്ട്. അവ നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്.

ജലസ്രോതസ്സുകളെപ്പറ്റി പഠനം

27 (190) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2005-ാം വർഷത്തോടുകൂടി ശുദ്ധജലത്തിന്റെയും കുടിവെള്ളത്തിന്റെയും ആവശ്യം എത്ര ആയിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇത്രയും ജലം ലഭിക്കുന്നതിനുള്ള സ്രോതസ്സുകളെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം നല്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്താൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ദിനംപ്രതി ഉദ്ദേശം 4900 ദശലക്ഷം ലിറ്റർ.

(ബി,സി&ഡി) കേരള വാട്ടർ അതോറിറ്റി പ്രത്യേക പഠനം നടത്തിയിട്ടില്ല. ഓരോ പദ്ധതിയും ആസൂത്രണം ചെയ്യുമ്പോൾ ഭാവിയിൽ 15 മുതൽ 30 വർഷം വരെയുള്ള കാലയളവിൽ ആവശ്യമായ ജലസ്രോതസ്സുകളെപ്പറ്റി പഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയും ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തതിനു ശേഷമാണ് വാട്ടർ അതോറിറ്റി പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നത്. കേന്ദ്രഭൂജല ബോർഡും ഭൂജല വകുപ്പും 1969 മുതൽ സംസ്ഥാനത്ത് ഭൂജല പഠനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ സി.ഡബ്ല്യൂ.ആർ.ഡി.എ.ഉം പഠനങ്ങൾ നടത്തി വരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി

28 (191) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ശുദ്ധ ജലസംഭരണ വിതരണം ഏതെങ്കിലും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേനൽക്കാലം ഉൾപ്പെടെ എല്ലാ കാലത്തും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള സ്ഥായിയായ സംവിധാനങ്ങളാണ് ജല അതോറിറ്റി പ്രധാനമായും നടപ്പാക്കി വരുന്നത്. എന്നാൽ സാമ്പത്തിക ലഭ്യത അനുസരിച്ച് മാത്രമേ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കാനാവുകയുള്ളൂ. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ചുള്ള പദ്ധതികൾക്കു പുറമേ 100% കേന്ദ്ര സഹായം ലഭിക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 50% കേന്ദ്രധന സഹായം ലഭിക്കുന്ന ത്വരിത നഗരശുദ്ധജലവിതരണ പദ്ധതികളും 50% ഉം 75% ഉം കേന്ദ്രസഹായം ലഭിക്കുന്ന ടെക്നോളജി മിഷൻ പദ്ധതികളും എൽ. ഐ.സി, ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്താൽ നടപ്പാക്കുന്ന പദ്ധതികളും, ഒ.ഇ.സി.എഫ്. നെതർലാന്റ്സ് എന്നീ വിദേശ ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളും ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. ശുദ്ധജല വിതരണ രംഗത്ത് നിലവിലുള്ള അപര്യാപ് കണക്കിലെടുത്ത് എല്ലാവർക്കും 2000-ാം ആണ്ടോടു കൂടി ശുദ്ധജലം ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടു കൂടി, വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ഒരു കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് മൊത്തം 1423.40 കോടി രൂപ മതിപ്പു ചെലവു കണക്കാക്കുന്നു. ഇതിന്റെ ഭാഗമായി 39 പ്രധാന പദ്ധതികൾ കഴിഞ്ഞ വർഷം കമ്മിഷൻ ചെയ്തു. ഈ

LIBRARY ARCHIVES Kerala Legislative Assembly